**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4071

16.12.2014-ലെ മറുപടിയ്ക്ക്

## സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>,, എ.റ്റി.ജോർജ്<br>,, പി.എ.മാധവൻ<br>,, പാലോട് രവി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമാണ് നിലവിലുള്ളത്. പ്രവർത്തനം മന്ദീഭവിച്ചതോ ലിക്വിഡേഷൻ നടപടികളിലോ ഉൾപ്പെട്ടതല്ലാത്തതും റിസർവ്വ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്തതുമായ എല്ലാത്തരം സഹകരണ ബാങ്കുകൾക്കും/സംഘങ്ങൾക്കും ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ചേരാൻ അർഹതയുണ്ട്. |
| (ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത വായ്പാ സഹകരണ സംഘങ്ങളിൽ എല്ലാപേരും സ്കീമിൽ അംഗമായി ചേർന്നിട്ടില്ല. 2257 വായ്പാ സഹകരണ സംഘങ്ങളെ സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്തതിൽ 1761 സംഘങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ബാക്കിയുള്ള സഹകരണ സംഘങ്ങളെ അംഗമായി ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്കീമിൽ അംഗത്വമെടുക്കാൻ എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ; | (സി) | സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത വായ്പാ സഹകരണ സംഘങ്ങളിൽ 496 സഹകരണ സംഘങ്ങൾ ഇനി പദ്ധതിയിൽ ചേരാനുണ്ട്. |
| (ഡി) | പ്രസ്തുത ബാങ്കുകളെ സ്കീമിൽ അംഗങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇവരെ സ്കീമിൽ അംഗമാക്കാൻ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡും സഹകരണ വകുപ്പും സംയുക്തമായി ജില്ലാതല യോഗങ്ങൾ വിളിച്ചുകൂട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ